(സി) പൊതുതാല്പര്യം മാനിച്ച് ജലദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ ടാങ്കർ ലോറിയിൽ വാട്ടർ അതോറിറ്റി വെള്ളം കൊടുക്കുന്നുണ്ട്. ആശുപത്രികൾ, ഹോട്ടലുകൾ മുതലായ സ്ഥാപനങ്ങൾക്കും വാട്ടർ അതോറിറ്റിയിൽ മുൻകൂർ പണം അടച്ച് ടോക്കൺ എടുക്കുന്നവർക്കും ടാങ്കർ ലോറികളിൽ ജലം വിതരണം ചെയ്യാറുണ്ട്. ഈ വെള്ളത്തിന് ജല അതോറിറ്റി ഗുണമേന്മ ഉറപ്പ് വരുത്താറുണ്ട്. എന്നാൽ സ്വകാര്യ ഏജൻസികൾ മറ്റ് സ്ഥലങ്ങളിൽ നിന്ന് ശേഖരിച്ച് വിതരണം ചെയ്യുന്ന വെള്ളത്തിന്റെ ഗുണമേന്മ ഉറപ്പാക്കുവാൻ ജല അതോറിറ്റിക്ക് ഇപ്പോൾ സംവിധാനമില്ല.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഉപഭോക്താവിൽ നിന്നും ഈടാക്കുന്ന നികുതി യഥാസമയം സർക്കാരിലേക്ക് അടയ്ക്കാൻ നടപടി

1 [1718] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിൽപ്പന നികുതി പിരിവിന്റെ എല്ലാ സ്രോതസ്സുകളും പൂർണ്ണമായും വിനിയോഗിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) ഉപഭോക്താവിൽ നിന്നും ഈടാക്കുന്ന നികുതി യഥാസമയം സർക്കാരിലേക്ക് അടയ്ക്കാത്ത കച്ചവടക്കാർക്കെതിരെ എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചു പോരുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിൽപ്പന നികുതി പിരിവിന്റെ എല്ലാ സ്രോതസ്സുകളും പൂർണ്ണമായും വിനിയോഗിക്കുവാൻ നടപടി സ്വീകരിക്കുന്നുണ്ട്.

(ബി) ഉപഭോക്താവിൽ നിന്നും ഈടാക്കുന്ന നികുതി യഥാസമയം സർക്കാരിലേക്ക് അടയ്ക്കാത്ത കച്ചവടക്കാർക്കെതിരെ സ്വീകരിക്കുന്ന നടപടികൾ താഴെ പറയുന്നു:

ഉപഭോക്താവിൽ നിന്നും ഈടാക്കുന്ന നികുതി യഥാസമയം സർക്കാരിലേക്ക് അടയ്ക്കാത്ത കച്ചവടക്കാർ അവർ അടയ്ക്കേണ്ട തുകയ്ക്ക് വിൽപ്പന നികുതി നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം ആദ്യത്തെ മൂന്ന് മാസം 1 % നിരക്കിലും, പിന്നീടുള്ള മാസങ്ങൾ 2 % നിരക്കിലും പലിശ നൽകേണ്ടതാണ്. കൃത്യസമയത്ത് നികുതി സർക്കാരിലേക്ക് അടയ്ക്കാതിരുന്നാൽ, അടയ്ക്കേണ്ട തുകയുടെ രണ്ടിരട്ടി വരെ അത്തരം കേസുകളിൽ പിഴയും ചുമത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly